**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക.ജി, ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് -ഐസിഡിഎസ് - അങ്കണവാടി പ്രവേശനോൽസവം 2022- ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 04.05.2022, 20.05.2022 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
2. സ.ഉ.(സാധാ) നം. 211/2022/വശിവിവ, തീയതി: 18.05.2022.

**ഉത്തരവ് നം. DWCD-1123/2022-ICDSB2(1) തീയതി: 26/05/2022**

സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രീ സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക , സമൂഹത്തിൽ അങ്കണവാടികളുടെ പ്രാധാന്യം സംബന്ധിച്ചും , അങ്കണവാടികളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും പ്രവേശനോൽസവം സംഘടിപ്പിക്കാറുണ്ട്. ആയതിൻ പ്രകാരം 3 മുതൽ 6 വയസ് വരെയുള്ള കാലയളവിൽ കുട്ടികൾ സ്വായത്തമാക്കുന്ന അനുഭവങ്ങൾ , കഴിക്കുന്ന ആഹാരം എന്നിവ അവരുടെ ശാരീരിക മാനസിക വൈജ്ഞാനിക ഭാഷാ വികാസത്തിൽ സുപ്രധാന പങ്ക് വഹിക്കും എന്നുള്ള തിരിച്ചറിവിൽ ശൈശവ വിദ്യാഭ്യാസത്തിന്റേയും പോഷകാഹാരത്തിന്റേയും ശിശുപരിചരണത്തിന്റേയും പ്രാധാന്യം സംബന്ധിച്ച ബോധവൽക്കരണങ്ങൾക്കായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും 2022 മെയ് 30 ന് പ്രവേശനോൽസവം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കീഴ് കാര്യാലയങ്ങളെ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പരാമർശം (2) പ്രകാരം 1,00,34,500/- (ഒരു കോടി മുപ്പത്തിനാലായിരത്തി അഞ്ഞൂറ് രൂപാ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനതല പ്രവേശനോൽസവം പത്തനംതിട്ട ജില്ലയിൽ വച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ടി തുക ചുവടെ വിവരിക്കും പ്രകാരം വിനിയോഗിക്കാവുന്നതാണ്.

| ക്രമ നം. | ഇനം | തുക (അങ്കണവാടി ഒന്നിന്) | ആകെ തുക |
|---|---|---|---|
| 1 | അങ്കണവാടിതലത്തിൽപ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് (ബാനർ, ബ്രോഷർ, സർട്ടിഫിക്കറ്റ് പ്രിന്റിംഗ് etc.) | 300/- | 99,34,500/- (300 x 33115) |
| 2 | സംസ്ഥാന തല പ്രോഗ്രാം, പ്രവേശനോൽസവവുമായി | | 1,00,000/- |

| | | |
|---|---|---|
| ബന്ധപ്പെട്ട | campaign | |
| ആകെ | | 1,0034,500/- |

പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച ആകെ 1,0034,500/- രൂപയിൽ അങ്കണവാടി തലത്തിൽ പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് ആവശ്യമായ 99,34,500/- രൂപയും, പത്തനംതിട്ട ജില്ലയിൽ സംസ്ഥാനതല പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് ആവശ്യമായ 1,00,000/-രൂപയും (ഒരു ലക്ഷം രൂപ മാത്രം ) ചേർത്ത് 1,0034,500/- രൂപ ബന്ധപ്പെട്ട ജില്ലാ വനിതശിശുവികസന ഓഫീസർമാർക്ക് ചുവടെ പറയുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു. അങ്കണവാടി പ്രവേശനോത്സവത്തിനു അനുവദിച്ച തുക ജില്ലാ വനിതശിശുവികസന ഓഫീസർമാർ ശിശു വികസന പദ്ധതി ഓഫിസര്‍മാര്‍ക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്.

| ക്രമ നം | ജില്ല | ആകെ അങ്കണവാടികളുടെ എണ്ണം | തുക (അങ്കണവാടി ഒന്നിന്) | അനുവദിക്കുന്ന ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 300/- | 9,18,300 | |
| 2 | കൊല്ലം | 2723 | 300/- | 8,16,900/- | |
| 3 | പത്തനംതിട്ട | 1389 | 300/- | 5,16,700/- | (416700 + 100000) |
| 4 | ആലപ്പുഴ | 2150 | 300/- | 6,45,000/- | |
| 5 | കോട്ടയം | 2050 | 300/- | 6,15,000/- | |
| 6 | ഇടുക്കി | 1561 | 300/- | 4,68,300/- | |
| 7 | എറണാകുളം | 2858 | 300/- | 8,57,400/- | |
| 8 | തൃശ്ശൂർ | 3016 | 300/- | 9,04,800/- | |
| 9 | പാലക്കാട് | 2835 | 300/- | 8,50,500/- | |
| 10 | മലപ്പുറം | 3808 | 300/- | 11,42,400/- | |
| 11 | വയനാട് | 874 | 300/- | 2,62,200/- | |
| 12 | കോഴിക്കോട് | 2938 | 300/- | 8,81,400/- | |

| | | | | |
|---|---|---|---|---|
| 13 | കണ്ണൂർ | 2504 | 300/- | 7,51,200/- |
| 14 | കാസർഗോഡ് | 1348 | 300/- | 4,04,400/- |
| | ആകെ | **33115** | | **1,00,34,500/-** |

പ്രവേശനോൽസവം നടത്തിയതിന് ശേഷം ജില്ലാതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

അങ്കണവാടി തലത്തിലും സംസ്ഥാനതലത്തിലും ഉള്ള പരിപാടികൾക്കുള്ള ആകെ തുകയായ **1,00,34,500/-** (ഒരു കോടി മുപ്പത്തിനാലായിരത്തി അഞ്ഞൂറ് രൂപാ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ **2235-02-102-56 (P)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

എല്ലാ ജില്ലാ വനിതശിശുവികസന
ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.
2. സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / സ്പെയർ

Signature valid

Digitally signed by Priyanka G
Date: 2022.05.26 13:57:50 IST
Reason: Approved

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി 2022-23 സാമ്പത്തിക വർഷം അങ്കണവാടികളിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നത് - ഫണ്ട് വിനിയോഗം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 211/2022/വശിവിവ** **തീയതി, തിരുവനന്തപുരം, 18/05/2022**

പരാമർശം: 1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 19.04.2022 ലെ DWCD/1123/2022-ICDS B2 നമ്പർ കത്ത്.

2. 06.05.2022 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രീ-സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക, സമൂഹത്തിൽ അങ്കണവാടികളുടെ പ്രാധാന്യം സംബന്ധിച്ചും അങ്കണവാടികളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും പ്രവേശനോൽസവം സംഘടിപ്പിക്കാറുണ്ട്. ആയതിൻ പ്രകാരം 6 വയസ് വരെയുള്ള കാലയളവിൽ കുട്ടികൾ സ്വായത്തമാക്കുന്ന അനുഭവങ്ങൾ, കഴിക്കുന്ന ആഹാരം എന്നിവ അവരുടെ ശാരീരിക മാനസിക വൈജ്ഞാനിക ഭാഷാ വികാസത്തിൽ സുപ്രധാന പങ്ക് വഹിക്കും എന്നുള്ള തിരിച്ചറിവിൽ ശൈശവകാല വിദ്യാഭ്യാസത്തിന്റേയും പോഷകാഹാരത്തിന്റേയും ശിശുപരിചരണത്തിന്റേയും പ്രാധാന്യം സംബന്ധിച്ച ബോധവൽക്കരണങ്ങൾക്കായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും 2022 ജൂൺ 1 ന് പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി ചുവടെ വിവരിക്കും പ്രകാരം തുക അനുവദിക്കേണ്ടതുണ്ട്.

| ക്രമ നം. | ഇനം | തുക (അങ്കണവാടി ഒന്നിന്) | ആകെ തുക |
|---|---|---|---|
| | അങ്കണവാടി തലത്തിൽ പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് (ബാനർ, ബ്രോഷർ, സർട്ടിഫിക്കറ്റ് പ്രിന്റിംഗ് etc.) | 300/- | 99,34,500/- (300 x 33115) |

| | | | |
|---|---|---|---|
| 2. | സംസ്ഥാന തല പ്രോഗ്രാം, പ്രവേശനോത്സവുമായി ബന്ധപ്പെട്ട campaign മുതലായവ. | | [illegible] |
| | **ആകെ** | | 1,00,34,500/- |

(2) മേൽ സാഹചര്യത്തിൽ 2022 ജൂൺ 1 ന് പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിനാവശ്യമായ 1,00,34,500/- (ഒരു കോടി മുപ്പത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ 2022-23 സാമ്പത്തിക വർഷത്തിലെ 2235-02-102-56 (P) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) 06.05.2022 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 ജൂൺ 1 ന് പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിനാവശ്യമായ 1,00,34,500/- (ഒരു കോടി മുപ്പത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ 2022-23 സാമ്പത്തിക വർഷത്തിലെ 2235-02-102-56 (P) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
നിഷ എസ്
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ